പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3307 | 14.03.2018 ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ ആർദ്രം പദ്ധതി

| ചോദ്യം<br><br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ കോഴിക്കോട് ജില്ലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിലായി 142 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് ആർദ്രം പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആശുപത്രികളിൽ ഇതിനകം നടപ്പിലാക്കിയ പരിപാടികൾ/പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | ആർദ്രം പദ്ധതിയുടെ കീഴിൽ കോഴിക്കോട് ജില്ലയിൽ നിന്നും കോട്ടൂർ, കൊട്ടാരക്കൽ ഇരിങ്ങൽ, വടകര താഴത്തങ്ങാടി, കക്കോടി, രാമനാട്ടുകര, ഇടച്ചേരി, പുതുപ്പാടി, ആയഞ്ചേരി, കുന്ദമംഗലം, ഓമശ്ശേരി, നൊച്ചാട്, അരീക്കുളം, കായക്കൊടി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചു നല്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം.മുഖേന നടപ്പിലാക്കി വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ഒ.പി.നടക്കുന്നുണ്ട്. ഇ-ഹെൽത്ത് പദ്ധതി, വിഷാദരോഗ ക്ലിനിക്ക് എന്നിവ നടപ്പിലാക്കുന്നു, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി, താലൂക്ക് ആശുപത്രി, ബാലുശ്ശേരി, താമരശ്ശേരി, ഫറോക്ക് ജനറൽ ആശുപത്രി, കോഴിക്കോട് ജില്ലാ ആശുപത്രി, വടകര എന്നീ ആശുപത്രികളെയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ 62 തസ്തികകളും സൃഷ്ടിച്ചു നൽകി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ